**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **02-02-2024 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | "ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് 12.10.2023 ലെ സ.ഉ (സാധാ) നം.299/2023/ കായുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാചറൽ / സിന്തറ്റിക് ടർഫ്, ട്രാക്ക്, സ്പോർട്സ് ലൈഫ് ഫിറ്റനസ് സെൻററുകൾ, ഓപ്പൺ ജിംനേഷ്യം, എന്നിവയും, സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന പദ്ധതികളും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം മേനംകുളത്ത് ഹൈ പെർഫോർമൻസ് സെന്റർ, മൂന്നാറിൽ ഹൈ ഓൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട്, പയ്യനാട് എന്നിവിടങ്ങളിൽ അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം, മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗാ കേന്ദ്രം എന്നീ വൻകിട പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. 7 ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. പത്തനംതിട്ട, കോട്ടയം ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഉടൻ തുടങ്ങും.<br><br>കൂടാതെ കേരള സ്പോർട്ട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ കായിക വകുപ്പിന്റെ വാർഷിക പ്ലാനിൽ ഉൾപ്പെട്ട എല്ലാം പ്രവർത്തനങ്ങളും തുടർന്നും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂർ നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ തിരൂർ നിയോജക മണ്ഡലത്തിലെ വെട്ടം ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ട് 18.10.2023 തീയതിയിലെ സമഗ്ര ഭരണാനുമതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>എം.എൽ. എ - എ.ഡി. എസ്. ൽ 50% വകയിരുത്തിക്കൊണ്ട് എം.എൽ. എ. യിൽ നിന്നോ, സി.എസ്.ആർ. ഫണ്ടുകൾ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന ആവശ്യാനുസരണമോ സ്വരൂപിച്ച്, ജില്ലാ കളക്ടറുടെ കത്ത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2017-2018 ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തിരൂർ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. സർക്കാർ അംഗീകരിച്ചു പ്രകാരമുള്ള ധാരണാപത്രത്തിൽ തിരൂർ നഗരസഭ ഏർപ്പെടാത്തതിനെത്തുടർന്ന് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | തിരൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ എന്തൊക്കെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ തിരൂർ നിയോജക മണ്ഡലത്തിലെ വെട്ടം ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ട് 18.10.2023 തീയതിയിലെ സമഗ്ര ഭരണാനുമതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>എം.എൽ. എ - എ.ഡി. എസ്. ൽ 50% വകയിരുത്തിക്കൊണ്ട് എം.എൽ. എ. യിൽ നിന്നോ, സി.എസ്.ആർ. ഫണ്ടുകൾ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന ആവശ്യാനുസരണമോ സ്വരൂപിച്ച്, ജില്ലാ കളക്ടറുടെ കത്ത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2017-2018 ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തിരൂർ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. സർക്കാർ അംഗീകരിച്ചു പ്രകാരമുള്ള ധാരണാപത്രത്തിൽ തിരൂർ നഗരസഭ ഏർപ്പെടാത്തതിനെത്തുടർന്ന് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന കായിക മേഖലയിൽ നടത്തി വരുന്നതും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

1. കായികക്ഷമതാ മിഷൻ

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ച അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായികക്ഷമതാ മിഷൻ.

2. എലൈറ്റ് സ്കീം

പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. കൗൺസിലിന്റെ കീഴിൽ അത്ലറ്റിക്സ്, വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കായികതാരങ്ങളെ ഏഷ്യൻ, കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

3. ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ

കേരള് സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ, വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൗൺസിലിലെ പരിശീലകരുടെ കീഴിൽ പ്രസ്തുത പദ്ധതികളിലെ കായികതാരങ്ങൾക്ക്

വിദഗ്ധ പരിശീലനം നൽകി വരുന്നു. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങളിൽ ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ചവരും ഉൾപ്പെടുന്നു.

4. അണ്ടർ -14 വനിതാ ഫുട്ബോൾ അക്കാഡമി

ഫുട്ബോൾ കായിക രംഗത്തെ പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് എറണാകുളം ജില്ലയിൽ അണ്ടർ-14 വിഭാഗത്തിൽ ഉൾപ്പെടുന്ന 15 വനിതാ കായിക താരങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു.

ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ക്യാഷ് അവാർഡും, എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽഉൾപ്പെടുത്തി സ്കോളർഷിപ്പും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.